അനുസ്മൃതി - 48

# ആതുരശുശ്രൂഷയുടെ സ്നേഹവിപ്ലവം ആദ്യസന്നദ്ധസംഘടനക്കും ഉപവിശാലക്കും നൂറ്റമ്പത് വയസ്

ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ.

*ഇൻന്ത്യയിൽ കത്തോലിക്കാ നേതൃത്വത്തിൽ ആദ്യമായി ഉണ്ടായ സന്നദ്ധസംഘടനയും ഉപവിശാലയുമാണ് വി. ചാവറപിതാവിനാൽ 1869ൽ കൈനകരിയിൽ ഉണ്ടായത്. 150 വർഷം കടത്തിവിടുന്ന ഇത്തരത്തിൽ ഇൻഡ്യയിലെതന്നെ ആദ്യത്തേതെന്നവകാശപ്പെടാവുന്ന ഈ മഹത്പ്രസ്ഥാനങ്ങളെക്കുറിച്ച് പൊതുവേദികളിൽ യാതൊരോർമ്മപ്പെടുത്തലും ഇതുവരെ ഉണ്ടാകാതെ പോയത് നമ്മുടെ സഭയുടെ ഭാഗത്തുനിന്നും വന്ന പോരായ്കയായി തോന്നുന്നു. സഭാംഗങ്ങളുടെയിടയിലെങ്കിലും ഓർമ്മപുതുക്കാൻ ഈ ലേഖനം സഹായകമാകട്ടെ എന്ന ആഗ്രഹമാണ് ബഹു. തോമസ് പന്തപ്ലാക്കലച്ചൻ പ്രകടിപ്പിക്കുന്നത്.*

*-എഡിറ്റർ*

കേരളചരിത്രത്തിലെ എന്നു മാത്രമല്ല, ഭാരതചരിത്രത്തിലെ തന്നെ ആതുരശുശ്രൂഷാരംഗത്തെ നാഴികക്കല്ലാണ് 1869 ഒക്ടോബർ 15ാം തീയതിയും ഉപവിശാല എന്ന സംജ്ഞയും കൈനകരി എന്ന സ്ഥലവും. ആതുരശുശ്രൂഷാരംഗത്തും അഗതിസംരക്ഷണത്തിലും സന്നദ്ധസംഘടനാരംഗത്തും ഒരു നവോത്ഥാനത്തിനു തുടക്കം കുറിച്ച ദിനത്തെയും ഇടത്തെയും സ്ഥാപനത്തെയും ആണ് ഇവിടെ വിവക്ഷിക്കുന്നത്. നവോത്ഥാനനായകൻ കുര്യാക്കോസ് ഏലിയാസ് ചാവറയും ആർഭാടരഹിതമായ ഒരു സന്നദ്ധസംഘടന

യായി വിശുദ്ധയൗസേപ്പിതാവിന്റെ നന്മരണ സഖ്യവും ഓലക്കീ റുകൊണ്ടു മറച്ചുണ്ടാക്കിയ ഉപവിശാലയും കുട്ടനാട്ടിലെ കൈന കരിയിൽ വിശുദ്ധ കുര്യാക്കോസ് ഏലിയാസ് പിതാവിനാൽ 1869ൽ സ്ഥാപിതമായപ്പോൾ ആതുരശുശ്രൂഷാരംഗത്തേക്കുള്ള ഒരു കാൽവെപ്പായിരുന്നു. ഈ പ്രസ്ഥാനങ്ങൾക്ക് തുടക്കമിട്ടതിന്റെ 150 -ാം വർഷം ഒക്ടോബർ 15ന് നമ്മുടെ കൺമുമ്പിൽ എത്തി നില്ക്കു ന്നു. കേരളസമൂഹത്തിലെ ആദ്യത്തെ സന്നദ്ധസംഘടനയും ഉപ വിശാലയുമായിരുന്നു ഇത്. ആതുരശുശ്രൂഷാരംഗങ്ങളും അനാഥ ശാലകളും വൃദ്ധബാലസദനങ്ങളും സൂപ്പർ സ്പെഷ്യാലിറ്റി ആശു പത്രികളും കൊണ്ട് നിറഞ്ഞു നിൽക്കുന്ന കേരളം ഇതിനൊക്കെ തുടക്കമിടാൻ പ്രേരണയായ 150 വർഷം പിന്നിടുന്ന ഉപവിശാല യേയും സന്നദ്ധസംഘടനയേയും ശ്രദ്ധിക്കാതെ കടത്തിവിടുന്നു എന്നത് കാരുണ്യത്തിന്റെ മനസ്സ് നമ്മിൽ നിന്ന് ഇറ്റുപോയതുകൊ ണ്ടാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഏതു സ്വാർത്ഥകാ ര്യങ്ങളും കൊട്ടിഘോഷിക്കുവാൻ വെമ്പൽ കൊള്ളുന്ന നമ്മൾ കാരു ണ്യത്തിന്റെയും ദീനാനുകമ്പയുടെയും വശങ്ങളെ മറന്നു പോയാലോ.

**മനുഷ്യരുടെ മഹത്വം ദൈവത്തിന്റെ മഹത്വം**

വിശുദ്ധ ഇരണേവൂസിന്റെ വാക്കാണ് ദൈവത്തിന്റെ മഹത്വം എന്നത് മനുഷ്യന്റെ സമ്പൂർണ ജീവനിലാണ് എന്നത്. വളരെ അർത്ഥവ്യാപ്തിയുള്ള ഒരു വചനമാണിത്. ദൈവമനുഷ്യബന്ധ ത്തിന്റെ തനിമയാണിവിടെ വെളിപ്പെടുത്തുന്നത്. ദൈവത്തിന്റെ രൂപ ത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിന്റെ മഹ ത്വമാണ്, തന്നോട് ഏറ്റം ചേർന്നു നിൽക്കുന്നവനും ദൈവത്തിന്റെ സമ്പൂർണതയിൽ പങ്കുചേർന്നവനും അപ്രകാരമാണ്. മനുഷ്യന്റെ മനസ്സും ശരീരവും ആത്മാവും പരസ്പരം പൂർണതയിലെത്തുന്ന താണ് മനുഷ്യന്റെ മഹത്വം. ദൈവത്തിന്റെ മഹത്വം ഭൂമിയിൽ പ്രക ടിതമാകുന്നത് മനുഷ്യൻ മഹത്വവാനായിത്തീരുമ്പോഴാണ്.

ദൈവത്തോടും മനുഷ്യരോടും അഭേദ്യമായ ബന്ധം ചാവറപിതാവ് പുലർത്തിയിരുന്നതുകൊണ്ട് ദൈവപ്രചോദനത്താൽ മനുഷ്യരുടെ ആവശ്യങ്ങൾ തിരിച്ചറിയാനുള്ള സിദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു. മനുഷ്യന്റെ സമ്പൂർണ്ണ വളർച്ച – അതായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. അതുകൊണ്ട് 1840കളിൽ തന്നെ മനുഷ്യന്റെ വിജ്ഞാനമേഖലയിലേക്കാണ് അദ്ദേഹമാദ്യം തിരിഞ്ഞത്. അതിന്റെ ഭാഗമായി പള്ളികളോടു ചേർന്ന് പള്ളിക്കൂടങ്ങളുടെ ആശയവും, പ്രസിദ്ധീകരണ പ്രസ്ഥാനങ്ങളുമായി അദ്ദേഹം മുന്നോട്ടുവന്നു. ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾകൊണ്ട് കേരളം നിറഞ്ഞിട്ടുണ്ടെങ്കിൽ അതുപോലെ പ്രസിദ്ധീകരണരംഗം ഇൻന്ത്യയിലെ ഒന്നാം സ്ഥാനത്തു നിൽക്കുന്നെങ്കിൽ ചാവറയച്ചൻ 173 വർഷം മുമ്പ് മാന്നാനത്ത് വിദ്യാസസ്ഥാപനത്തിനും പ്രസ്സിനും തുടക്കം കുറിച്ചപ്പോൾ സ്ഥിതി ഇതല്ലായിരുന്നു എന്ന് കേരളത്തിന്റെ ചരിത്രകാരന്മാർ ഒന്നടങ്കം സമ്മതിക്കുന്നു.

മനുഷ്യവംശത്തിന്റെ നിലനിൽപ്പും സമ്പൂർണ്ണതയും രണ്ടു കാര്യങ്ങളെ കേന്ദ്രീകരിച്ചാണ്. ഒന്ന് മനുഷ്യന്റെ ആരോഗ്യപ്രശ്നമാണ്, മറ്റത് അവന്റെ മാനസികപ്രശ്നം അല്ലെങ്കിൽ ആത്മീയപ്രശ്നമാണ്. ഇവയെ രണ്ടിനെയും പ്രാധാന്യത്തോടെ പരിഗണിക്കപ്പെടുന്നതിലാണ് മനുഷ്യമഹത്വം അടങ്ങിയിരിക്കുന്നത്. മനുഷ്യൻ ഈ ലോകത്തിൽ ജനിച്ചു വീണാൽ മാന്യതയോടെ മരിക്കാൻ സാധിക്കുമ്പോഴാണ് മനുഷ്യന്റെ ഈലോകജീവിതം ധന്യമാകുന്നത്. ഇത് ഏതൊരുവന്റെയും ജന്മാവകാശമാണ്. അപ്പോൾ മനുഷ്യസമൂഹത്തിൽ ആരും അനാഥരാകാൻ പാടില്ല. ദൈവത്തിന്റെ രൂപവും ഭാവവും സ്വീകരിച്ച ഉന്നതസൃഷ്ടിയാണ് മനുഷ്യൻ. അവന്റെ മഹത്വത്തിന് അതിർവരമ്പുകളില്ല.

ചെറുപ്പത്തിലേ മാതാപിതാക്കളെ നഷ്ടപ്പെട്ട ചാവറപിതാവ് അഗതിത്വം ആരും അനുഭവിക്കരുതെന്ന് ആഗ്രഹിച്ചു. സമാധാനമായി മരിക്കാൻ എല്ലാവർക്കും അവസരമുണ്ടാകണമെന്ന നിലപാട് സ്വാഭാവികമായി അദ്ദേഹം വളർത്തി എടുത്തു. ലോകത്തിൽ അനാഥരും രോഗികളും പിച്ചക്കാരും വൃദ്ധരുമെല്ലാം ഉണ്ടാകും. മാന്യന്മാരുടെയിടയിൽ ശ്രമിച്ചാൽ അവരെയും മാന്യന്മാരാക്കി മാറ്റാം എന്ന

തിരിച്ചറിവായിരിക്കണം ചാവറപിതാവിനെ യൗസേപ്പിതാവിന്റെ നന്മരണസഭയും ഉപവിശാല എന്ന ധർമ്മസ്ഥാപനവും തുടങ്ങുവാൻ പ്രേരിപ്പിച്ചത്.

**തിരുക്കുടുംബസ്മരണ പാവങ്ങളിലേക്ക്**

ചാവറപിതാവ് തിരുക്കുടുംബത്തിന്റെ വലിയ ഭക്തനായിരുന്നു. തന്റെ എല്ലാ ജീവിതപ്രശ്നങ്ങൾക്കും ഉത്തരം കണ്ടിരുന്നതും തിരുക്കുടുംബത്തിലൂടെയായിരുന്നു. ആത്മാക്കളുടെ രക്ഷയിൽ അതീവ തീക്ഷ്ണമതിയായിരുന്ന അദ്ദേഹം നന്മരണ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെ വലിയ ഭക്തനായിരുന്നു. തിരുക്കുടുംബത്തെ അനുസ്മരിച്ചുകൊണ്ട് പാവപ്പെട്ട പുരുഷനും സ്ത്രീക്കും ഒരു പൈതലിനും ഭക്ഷണവും വസ്ത്രങ്ങളും കൊടുക്കുക എന്ന പദ്ധതി 1843ൽ മാന്നാനത്ത് അദ്ദേഹം ആരംഭിച്ചു. ഇത് വിശുദ്ധ യൗസേപ്പു പിതാവിന്റെ തിരുനാൾ ദിവസം, മാർച്ച് 19ന് മുടങ്ങാതെ കൊടുക്കണം. ഇതിനുവേണ്ടി ഒരു ഫണ്ടുണ്ടാക്കുവാൻ വേണ്ടി 1843ൽ അദ്ദേഹം തന്റെ കൂട്ടുകാരായ പല ഇടവക വൈദികർക്കും എഴുതി, ഇങ്ങനെ ഒരു സുകൃതം മുടങ്ങാതെ നടത്തിക്കൊണ്ടു പോകുവാൻ സഹായിക്കണമെന്ന്. വിശുദ്ധയൗസേപ്പു പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ച് മൂന്നുപേരെ അതിഥികളായി സ്വീകരിച്ച് ഭക്ഷണവും സഹായവും ചെയ്യുക എന്നത് താമസിയാതെ മിക്കവാറും ക്രിസ്തീയകുടുംബങ്ങളിലെയും ഒരു പതിവായിത്തീർന്നു. ഇന്നും പലരും സ്ഥാപനങ്ങളിലൂടെയും കുടുംബങ്ങളിലൂടെയും ഈ കർമ്മം തുടരുന്നുണ്ട്.

**വിദഗ്ധമായ സംഘാടക പാാടവത്വം**

ഏതൊരു പ്രസ്ഥാനത്തിന്റെയും വിജയവും പരാജയവും നിശ്ചയിക്കുന്നതിലെ വളരെ പ്രധാനപ്പെട്ട ഘടകമാണ് വേണ്ടവണ്ണമുള്ള വിലയിരുത്തലും പ്ലാനിങ്ങും. പൊതുകാര്യങ്ങൾക്കു വേണ്ടിയാണെങ്കിൽ പ്രത്യേകിച്ചും കരുതലുകൾ കൂടുതൽ ആവശ്യമാണ്. ഒരു സംഘടനക്കൊ, പലരുകൂടി നടത്തേണ്ട പ്രസ്ഥാനത്തിനോ വേണ്ടി മുതിരുമ്പോൾ മുൻകൂട്ടി പല കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. 1.ആവശ്യകത 2. ആർക്കുവേണ്ടി, എന്തിനുവേണ്ടി

3. ഇത്തരത്തിലുള്ള സംഘടനകളോ പ്രസ്ഥാനങ്ങളൊ നിലവിലുണ്ടോ 4. ഏറ്റെടുക്കാനും സഹകരിക്കാനും ആളുകളെ കിട്ടുമൊ 5. സാമ്പത്തിക കാര്യം എങ്ങനെ പരിഹരിക്കും 6. എന്തുനേട്ടമാണ് വ്യക്തികൾക്കും സമൂഹത്തിനും ലഭിക്കുക 7. നിലനില്പും തുടർച്ചയും ഉണ്ടാകുമൊ 8. പ്രസ്ഥാനത്തിനാവശ്യമായ നിയമസംഹിത. ആധുനികമായ ബിസിനസ് മാനേജ്മെന്റ് ശാസ്ത്രത്തിൽ ഇത്രയും കാര്യങ്ങളെങ്കിലും വിലയിരുത്താതെ ആരും ഇന്ന് ഒരു പ്രസ്ഥാനത്തിലേക്കിറങ്ങില്ല.

തത്വശാസ്ത്രവും സാമൂഹ്യശാസ്ത്രവും മനശ്ശാസ്ത്രവും ധനതത്വശാസ്ത്രവും ഒന്നും വികസിതമാകാത്ത ഒരു കാലത്ത് ഒരു ഗ്രാമാന്തരീക്ഷത്തിൽ ജനിച്ച, കളരി വിദ്യാഭ്യാസം മാത്രം വിദ്യയായി ലഭിച്ച, ലോകസമൂഹത്തിന്റെ പ്രത്യേകതകൾ കാര്യമായി മനസ്സിലാക്കാത്ത ചാവറപിതാവ് 150 വർഷം മുമ്പ് ഇന്നത്തെ ശാസ്ത്രസാങ്കേതിക നിബന്ധനകൾ ഉപയോഗിച്ചുകൊണ്ട് രണ്ട് പ്രസ്ഥാനങ്ങൾക്കു രൂപം കൊടുത്തു എന്നത് അത്ഭുതാവഹമാണ്.

19-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതികഴിയുവോളം ആരും ഗൗരവത്തോടെ ശ്രദ്ധിക്കാത്ത മാനുഷികാവശ്യത്തിലേക്കാണ് അദ്ദേഹത്തിന്റെ ശ്രദ്ധപതിഞ്ഞത്. എല്ലാ മനുഷ്യരും മഹത്വത്തോടെ മാനുഷിക പരിഗണനയോടെ മരിക്കാൻ ഇടവരണം. അനാഥത്വം അനുഭവിക്കുന്നവർക്ക് കൈത്താങ്ങാകാൻ ആരെങ്കിലും ഉണ്ടാകണമെന്ന ആവശ്യം. അതിന് ഒരു ജനതയെ ബോധവത്കരിച്ച് ശക്തരാക്കുന്നു, അവരുടെമുമ്പിൽ വിജയപ്രദമാക്കാവുന്ന കർമ്മ പദ്ധതികൾ നിർദ്ദേശിച്ചുകൊടുക്കുന്നു, നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുന്നു, സാമ്പത്തികവഴികൾ കാണിച്ചുകൊടുക്കുന്നു, നാട്ടിലെ ആദ്യപ്രസ്ഥാനങ്ങളുടെ ഉടമകളാക്കുന്നു. ഇതാണ് ചാവറപിതാവ് നന്മരണസഖ്യമെന്ന സന്നദ്ധസംഘടനയിലൂടെയും ഉപവിശാല എന്ന ജീവകാരുണ്യപ്രസ്ഥാനത്തിലൂടെയും നേടിയെടുത്തത്.

### സന്നദ്ധസംഘടനക്കും ഉപവിശാലക്കും ഒരു നിയമാവലി

ഉപവി പ്രവർത്തികളിലൂടെ മനുഷ്യരെ ദൈവത്തിലേക്കടുപ്പിക്കാൻ സഹായിക്കുക എന്നത് ചാവറപിതാവിന്റെ വലിയൊരു കർമ്മ പദ്ധതിയായിരുന്നു. ഇതേക്കുറിച്ചദ്ദേഹം ധ്യാനപൂർവം വില

യിരുത്തിയപ്പോൾ ഉണ്ടായ കണ്ടെത്തലാണ് നന്മരണസഖ്യവും ഉപവിശാലയും എന്ന ആശയം. നിയമാവലിക്ക് തുല്യമായ ഒരു ലേഖനം രക്തബന്ധുക്കളും ഇടവകക്കാരുമായ ചേന്നങ്കരി പള്ളിയുടെ കുരിശുപള്ളിക്കാർക്ക് എഴുതി. ഇന്നിതു വിലയിരുത്തുമ്പോൾ വളരെ ശാസ്ത്രീയമായ രീതിയിലുള്ള ഒരു മാർഗ്ഗരേഖയാണ് ഈ ലേഖനത്തിലൂടെ കൈമാറിയത് എന്നു വ്യക്തമാണ്. മുകളിൽ സൂചിപ്പിച്ച 8 പോയിന്റുകളും ഈ ലേഖനത്തിൽ നിന്നു വ്യക്തമാകുന്നുണ്ട്. കൈനകരിക്കാർക്ക് അദ്ദേഹം ഇങ്ങനെ എഴുതി. അപ്പൊഴോ എല്ലാറ്റിന്റെയും അവസാനമായ പുണ്യം ഇതു തന്നെ. മനുഷ്യൻ ചെയ്യുന്ന സഹായങ്ങളിൽ ഒക്കെയും വലിയ സഹായം മരണനേരത്തു ചെയ്യുന്ന സഹായമത്രെ. എല്ലാറ്റിലും വലിയ മനോഗുണപ്രവൃത്തിയും ഇതുതന്നെ. ഏറ്റവും വലിയ ഉപവിയും ഇതുതന്നെ. (ചാവറയച്ചന്റെ കത്തുകൾ 227, 2011)

19-ാം നൂറ്റാണ്ടിനു പുറകോട്ടുള്ള കേരളത്തിന്റെ ചരിത്രമറിയാൻ പ്രത്യേകിച്ചും കൊച്ചി, തിരുവിതാംകൂർ രാജ്യങ്ങളുടെ ചരിത്രമറിയാൻ സഹായകമാകുന്ന വിശിഷ്ട ഗ്രന്ഥങ്ങളാണ് തിരുവിതാംകൂർ മാനുവലും കൊച്ചി മാനുവലും ഇതിന്റെ വാല്യങ്ങളിലൂടെ കടന്നുപോയപ്പോൾ കണ്ടെത്തിയ രണ്ടു കാര്യങ്ങളാണ് 1865 കൾക്ക് മുമ്പ് ഉപവി പ്രവൃത്തികൾക്കുവേണ്ടിയുള്ള സന്നദ്ധസംഘടനകളോ, അനാഥരെയോ, വൃദ്ധരെയോ, പിച്ചക്കാരെയോ, സംരക്ഷിക്കുവാനുള്ള പ്രസ്ഥാനങ്ങളോ, സ്ഥാപനങ്ങളോ കേരളത്തിൽ ഇല്ലായിരുന്നു എന്നത്.

തുടർന്ന് ചാവറപിതാവ് തന്റെ സ്വന്തക്കാരെയും ഇടവകജനത്തെയും സമീപിച്ചു. ഈ ഉപവി പ്രവൃത്തി എങ്ങനെ നടപ്പിലാക്കാം എന്നാലോചിച്ചു. അതിനായി ഒരു നിയമാവലി എഴുതിയുണ്ടാക്കി. ഒരു സംഘടനയ്ക്കാവശ്യമായ ഭരണസമിതിക്ക് രൂപം കൊടുത്തു. രോഗിയായി വാർദ്ധക്യത്തിലെത്തി സ്വന്തം കഴിവുകൾ കൊണ്ടു മാത്രം കാര്യങ്ങൾ നടക്കില്ല എന്നൊക്കെ അനുഭവപ്പെട്ടു തുടങ്ങുമ്പോൾ മനുഷ്യർ ജീവിതാന്ത്യത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കാൻ തുടങ്ങും. ഇങ്ങനെയുള്ളവരെ സഹായിച്ചു കൊടുക്കുക എന്നത് വലിയ പുണ്യകൃത്യമാണ്. ഇതിന് സംഘടിതമായ

പ്രവർത്തനം ആവശ്യമാണ് എന്ന് ചാവറപിതാവ് കണ്ടെത്തി.

ചാവറപിതാവ് തന്റെ ജനങ്ങളെ പ്രേരിപ്പിച്ചു. രോഗികളെ ശുശ്രൂഷിക്കുന്ന പ്രവർത്തിയിലത്രെ സർവ്വേശ്വരൻ പലരെയും പുണ്യപ്പെട്ടവരാക്കിയത്. ഇത് മനുഷ്യർക്ക് ഏറ്റവും അറപ്പുള്ളതും വെറുപ്പുള്ളതും പ്രയാസമുള്ളതും ലോകത്തിൻ മുമ്പിൽ ഹീനമായി കരുതുന്നതും ദൈവത്തിന് മുൻപിൽ വലിയ ഫലമുള്ളതുമാകുന്നു (കത്തുകൾ 253). പുണ്യവാന്മാരുടെ ചരിത്രം വായിച്ചു നോക്കിയാൽ ഇത് അറിയാവുന്നതാകുന്നു. അതുകൊണ്ട് ഈ സന്നദ്ധസംഘടനയിൽ കൂടുന്നവരൊക്കെയും ഈ മനോഗുണപ്രവൃത്തി ചെയ്യുവാൻ നല്ല മനസ്സും ധൈര്യവുമുള്ളവരായിരിക്കണം. ആരുതന്നെ ആയിരുന്നാലും ഈ സഭയിൽ കൂടിയതിൽ പിന്നെ ഒരാൾ ഒടുക്കത്തെ ദീനത്തിൽ ആയിരിക്കുന്നു എന്നു കേട്ടാൽ സഖ്യാംഗങ്ങളെ ഒന്നിച്ചെങ്കിലും, ഏതാനും പേരെങ്കിലും ദീനക്കാരെ ചെന്നുകാണുകയും മരണം അടുത്തു എന്നു കണ്ടാൽ കൂദാശകൾ ആവശ്യമുള്ളവർക്ക് കൊടുപ്പിക്കുകയും രോഗിയുടെ ശുശ്രൂഷയ്ക്കു വേണ്ടി ആളുകളെ നിയമിച്ചും അവർക്ക് ജോലിമാറ്റത്തിനുള്ള സമയം കുറിച്ചും ചട്ടം കൊടുക്കയും വേണം. ഇതിന് സംഘടനാധികാരിയും ആലോചനക്കാരും ചുമതലക്കാരായിരിക്കുന്നു. അപ്രകാരം അവരുടെ ആജ്ഞക്കും, ചട്ടത്തിനും സഭക്കാരൊക്കെയും അനുസരിക്കാൻ കടക്കാരായിരിക്കുന്നു. ഈ മനോഗുണപ്രവൃത്തി ചെയ്യുന്നതത്രെ സഭക്കാരുടെ കാതലായ തൊഴിൽ. (കത്തുകൾ 232,233)

ചാവറപിതാവ് ഇവർക്ക് ഈ നിബന്ധനകൾ എഴുതിക്കൊടുത്തപ്പോൾ ഇവരുടെ ഈ സന്നദ്ധസേവനത്തിന് ദൈവം പ്രതികരിക്കുന്നതെപ്രകാരമെന്നും പറഞ്ഞു പ്രോത്സാഹിപ്പിച്ചു. അതായത് ഒരുത്തന്റെ ഉപദേശത്താലും ഉത്സാഹത്താലും ഗുണദോഷത്താലും മറ്റൊരാൾ നന്മരണം പ്രാപിച്ച് ആത്മാവ് രക്ഷപ്പെട്ടു മോക്ഷത്തിൽ കരേറിയാൽ, ഇതിന് കാരണക്കാരനായവന്റെ ആത്മരക്ഷയും നിശ്ചയം തന്നെ. അതെന്ത്യേ! രക്ഷപ്പെട്ട ആത്മാവു ദൈവതിരുമുൻപിൽ എല്ലായ്പ്പോഴും നന്ദി നിറഞ്ഞ മനസ്സോടുകൂടി അതിനു കാരണക്കാരായ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി എപ്പോഴും പ്രാർത്ഥിച്ചു കൊണ്ടിരിക്കും (കത്തുകൾ, 158).

രോഗികളെ പരിചരിക്കുന്നതുവഴി സ്വന്ത ജീവിതത്തിൽ വരുന്ന വ്യത്യാസത്തെക്കുറിച്ച് ചാവറപിതാവ് മാന്നാനത്തു സംഭവിച്ച ഒരു കാര്യം ഉദാഹരണമായി അവതരിപ്പിക്കുന്നുണ്ട്. അതിപ്രകാരമായിരുന്നു. നിങ്ങളുടെ കൂടപ്പിറപ്പും (ജേക്കബ് വല്യാറ അച്ചൻ കൈനകരിക്കാരനും ചാവറകുടുംബത്തിൽപ്പെട്ടയാളുമാണ്) കൊവേന്തയിൽ ഒന്നാമതായി മരിച്ച ആളായ വല്യാറ ചാക്കോ എന്ന പട്ടക്കാരൻ പുണ്യാളനായി എന്നല്ല ഞാൻ പറയുന്നത്, എങ്കിലും അയാളുടെ ചെറുപ്പത്തിൽ പകർന്ന ധ്യാനം വഴിയായി പലർക്കും ആത്മരക്ഷയ്ക്കു കാരണമായിട്ടുണ്ട്. ഈ മാറ്റം അയാളിൽ ഉണ്ടായത് എപ്പോഴാണെന്നു അയാളും നിങ്ങളും അറിഞ്ഞിട്ടില്ല. എന്നാൽ ഞാൻ വിചാരിക്കുന്നത് മറ്റൊന്നുമല്ല. ചെറുപ്പം മുതൽ ഞാൻ അയാളെയറിയുന്നു. എന്നാൽ കുർബാന ചൊല്ലിയശേഷവും ഞാൻ പലപ്പോഴും അയാളെ കുറ്റപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെയിരിക്കയിൽ മാന്നാനം കൊവേന്തയിൽ പാചകവൃത്തിയിൽ ഇരുന്ന കോയിൽമുക്കുകാരൻ ഗീവർഗീസ് എന്നൊരു വേലക്കാരന് അർശ്ശസിന്റെ ദീനം വർദ്ധിച്ചു കുടൽ പുറത്തിറങ്ങി. കൃമികൾ ഉണ്ടായി. ഇതിനാൽ വളരെ ദുർഗന്ധത്തോടുകൂടി അവിടെയുള്ള നെൽപ്പുരയിൽ കിടന്നിരുന്നു. കുമ്പസാരം, കുർബാന മുതലായ കൂദാശകൾ പോലും കൊടുപ്പാൻ പ്രയാസമായിരുന്ന ഈ രോഗിയെ ഇയാൾ നല്ലവണ്ണം ശുശ്രൂഷിച്ചു. നൽമരണം പ്രാപിച്ചു. അയാളുടെ മരണം കഴിഞ്ഞാറെ ഇയാൾക്ക് (ശരീരം അഴുകിയ മണം അടിച്ചതിനാൽ) ചർദ്ദികൊണ്ട് കഞ്ഞികുടിപ്പാൻ നിവൃത്തിയില്ലാതെ വന്നതുകാരണം മൂന്നുനാലു ദിവസം അരിവറുത്തുതിന്നു എന്നു പിന്നീടു മാത്രമേ ഞാൻ അറിഞ്ഞിരുന്നുള്ളു. അന്നുമുതൽ അത്രെ ഈ പകർച്ചയും ധ്യാനക്കാരനുമായിത്തീർന്നിട്ടുള്ളത്. പിന്നീട് പല പള്ളികളിലും ധ്യാനം കഴിപ്പാൻ അയാളെ അയയ്ക്കുകയും മരണം വരെ കുറ്റപ്പെടുത്താൻ ഇടവന്നിട്ടുമില്ല.

ചാവറപിതാവ് പുതിയ സഖ്യത്തോടായി ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു. അപ്പോഴൊ, ദീനക്കാരെ തുണയ്ക്കുന്നത് ദൈവത്തിന് എത്ര ഇഷ്ടമുള്ളതെന്നു കാണുവിൻ. (കത്തുകൾ 235,236). ഇങ്ങനെയുള്ള ഉപദേശങ്ങളിലൂടെയും നിർദ്ദേശങ്ങളിലൂടെയും ചാവറപിതാവ് കൈനകരിക്കാരെ ഒരു വൻകാര്യത്തിന് ബോധവൽക്കരിച്ചെടുത്തു. അങ്ങനെ 1869ൽ അദ്ദേഹം നന്മരണ സഖ്യം എന്ന

സന്നദ്ധ സംഘടനയ്ക്ക് രൂപം കൊടുത്തു. അതിന്റെ 150-ാം വർഷ മാണ് ഇത്.

**ഉപവിശാല അഥവാ ധർമ്മശാല**

ചാവറപിതാവ് നന്മരണസഖ്യത്തിന്റെ തുടക്കപ്രവർത്തന ങ്ങൾ, വീടുകൾ സന്ദർശിച്ച് രോഗികളെയും, വൃദ്ധരെയും, അവശ രെയുമൊക്കെ സഹായിക്കുക എന്നതായിരുന്നു. പിന്നീട് ഒരു പടി കൂടി കൂട്ടി ചിന്തിച്ചു; വീടില്ലാത്തവരുടെ കാര്യം, പിച്ചക്കാരുടെ കാര്യം, പുറം തള്ളപ്പെടുന്ന വൃദ്ധരുടെ കാര്യം ആരുനോക്കും. കിടപ്പാടം പോലുമില്ലാത്തവർ സമൂഹത്തിലുണ്ടല്ലോ. അവർക്ക് തലചായിക്കാൻ ഇടം വേണ്ടേ? അവരും മൃഗങ്ങളെപ്പോലെ എവിടെയെങ്കിലും കിടന്ന് മരിക്കാനുള്ളവരല്ലല്ലോ. ഈ ചിന്തയാണ് അദ്ദേഹത്തെ ഉപവിശാല യിലേക്ക് തിരിച്ചത്.

അത്മായരെ ഉപകരിപ്പിച്ചുകൊണ്ട് അവരുടെ നേതൃത്വത്തിൽ തന്നെ ഒരു സന്നദ്ധസംഘടനയ്ക്കും അവർ വഴി ആദ്യത്തെ ചാരി റ്റബിൾ ട്രസ്റ്റും ആതുരർക്കുവേണ്ടിയുള്ള പൊതുസ്ഥാപനവും പണ ശേഖരണത്തിനുള്ള പാത്രപിരിവും കേരളത്തിലാദ്യമായി തുടങ്ങി യത് ചാവറപിതാവിലൂടെയാണ്. അദ്ദേഹം കുറിച്ചിരിക്കുന്നു: അതായത് നന്മരണ ഉണ്ടിയൽപെട്ടി എന്ന പേരായി ഒരു പെട്ടി വച്ച് സൂക്ഷിച്ച് ലജ്ജ കൂടാതെ മറ്റുള്ളവരോടു ധർമ്മം ഇരന്നും ചെറുതായിട്ടെങ്കിലും ഉപവിശാല എന്ന പേരോടുകൂടി നിങ്ങളുടെ കുരിശു പള്ളിയുടെ സമീപത്ത് സ്ഥാപിച്ച് അതിൽ ആരും പോരുമി ല്ലാത്ത രണ്ടുനാല് ദീനക്കാരെയെങ്കിലും താമസിപ്പിച്ച് ഈ പുണ്യ പ്രവൃത്തിയുടെ ഒരു നിഴലെങ്കിലും നിങ്ങൾ കാട്ടിയാൽ - ഈ പുണ്യവും മലയാളത്തിൽ നടപ്പാനിടവരും.

ഇതിനാവശ്യമായ മൂലധനവും തുടർപ്രവർത്തനങ്ങൾക്കുള്ള ഫണ്ടും എങ്ങിനെ ഉണ്ടാക്കാമെന്നദ്ദേഹം ആലോചിച്ചതിന്റെ ഫല മായി സംഘടനാംഗങ്ങൾക്കദ്ദേഹം നിർദ്ദേശം കൊടുത്തു. ഈ നന്മ രണസഭയുടെ വിവരം പറഞ്ഞാൽ പലരും നിങ്ങളെ സഹായിക്കും. ഇതിനായി ഈ സഭയുടെ അന്വേഷണക്കാരായ നാലുപേർകൂടി ചെറുതായിട്ട് ഒരു സങ്കടം എഴുതി കാണിക്കണം. അത് എപ്രകാര മെന്നാൽ ഈ നന്മരണ ആസ്ഥപ്പാടിൻ സഭയെ ഞങ്ങളുടെ കുരി

ശുപള്ളിയിൽ സ്ഥാപിച്ചു. സകല മനുഷ്യർക്കും നന്മരണം കൊടുപ്പാനായി ഈ സഭയുടെ ചട്ടപ്രകാരം ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചു വരുന്നതുമല്ലാതെ, ആരുപോരുമില്ലാതെയുള്ള പാവപ്പെട്ടവരായ ദീനക്കാർക്ക് നന്മരണം എന്ന അറുതിയില്ലാത്ത ഭാഗ്യം കിട്ടുവാനായി അങ്ങിനെയുള്ളവരെ പാർപ്പിച്ച് രക്ഷിപ്പാൻ വേണ്ടി ഒരു ചെറിയ ഉപവിശാല സ്ഥാപിപ്പാൻ ആഗ്രഹിക്കുന്നു. ഇതിനു വിശ്വാസികളായ കൂടെപ്പിറപ്പുകളുടെ കയ്യിൽ നിന്നു കിട്ടുന്ന അല്പ ദാനം കൊണ്ട് വേണ്ടുവോളം മതിയാവുമെന്നു വിചാരിച്ചുകൊണ്ട് ഈ നന്മരണ ഉണ്ടിയൽ പെട്ടി ഇവിടെ വച്ചിരിക്കുന്നു.

ഇങ്ങനെ ഒരു വാചകം എഴുതി നിങ്ങളുടെ കുരിശുപള്ളികളിലും മറ്റുള്ള പള്ളികളിലെ വികാരിയച്ചന്മാരോട് അപേക്ഷിച്ച് അവിടെയും വയ്ക്കണം. കൂടാതെ ചങ്ങനാശ്ശേരി, ആലപ്പുഴ, തുടങ്ങിയുള്ള കച്ചവടസ്ഥലങ്ങളിലും; വിളവെടുക്കുന്ന കാലങ്ങളിൽ പാടങ്ങളിലും കൊണ്ടു നടക്കണം. മനുഷ്യർ മനസ്സുവയ്ക്കുന്ന കാര്യം മുക്കാലും നടക്കും ശേഷം ദൈവം നിറവേറ്റും.

തുടർന്ന് എന്തു ചെയ്യണമെന്നദ്ദേഹം നിർദ്ദേശിച്ചു: ആയതുകൊണ്ട് നിങ്ങൾ ഈ മരണ ഉണ്ടിയൽപെട്ടിയെ നല്ലവണ്ണം സൂക്ഷിച്ച് വർദ്ധിപ്പിച്ചു നിങ്ങളുടെ കുരിശുപള്ളിയുടെ സമീപത്തായി ചെറുതായിട്ടെങ്കിലും ഒരു ബംഗ്ലാവുപോലെ ഇരുവശവും രണ്ടു മുറിയും സാളയുമായി തൈതൽ ഇട്ട് മുളകൊണ്ടെങ്കുലും ഒരു കൂടും വെച്ച് ധർമ്മശാല അഥവാ ഉപവിശാല എന്ന പേരും വിളിച്ച് - ആരുപോരുമില്ലാത്തവരെയോ, കിളവന്മാരെയോ, വഴി പിച്ചക്കാരെയോ ദീനം പിടിച്ചവരെയോ - പാർപ്പിച്ച് രക്ഷിക്കത്തക്കവണ്ണം ഉണ്ടാക്കിയാൽ ദൈവം സഹായിച്ച് പിൽക്കാലങ്ങളിൽ ഇതു മലയാളത്തെ ഒന്നാമത്തെ ഉപവിശാല ആയിത്തീരുവാൻ ഇടവരും. എന്റെ വചനം കേട്ടു കർത്താവിനെ പ്രതി നാണമില്ലാത്തവരാകുവിൻ - തുടക്കത്തിൽ ഇതു ഭ്രാന്താണെന്നും മറ്റും പറഞ്ഞു പലരും പരിഹസിക്കും. നിങ്ങൾ ഇതു തുടങ്ങിയാൽ പ്രയാസം കൂടാതെ നടക്കും. (കത്തുകൾ 236,237)

ഒരു ദൈവികമനുഷ്യൻ സഹോദരസ്നേഹത്തിന്റെ ആധിക്യത്താൽ മനുഷ്യമഹത്വം ദൈവത്തോടു ചേർത്തുനിർത്താൻ വെമ്പൽ കൊണ്ടുകൊണ്ട് വീണ്ടും പ്രോത്സാഹിപ്പിച്ചു: മൂന്നിഴ

കൂടുന്ന നൂൽ വേഗം പൊട്ടുന്നില്ലെന്ന് സോളമനും പറഞ്ഞിട്ടുണ്ട ല്ലോ. അതിനാൽ ഇതിനായി നിങ്ങൾ പൂർണമനസ്സോടെ അധ്വാനി ക്കുവിൻ. അപ്പോൾ ഈ ഉപവിശാല മുളവാരികൊണ്ടല്ല, കല്ലും കുമ്മാ യവും കൊണ്ട് നല്ല ഉറപ്പോടെ പണിയാൻ ഇടവരും, ഇതിന്റെ വരു മാനം വർദ്ധിക്കും, ഇതിനു സ്വന്തമായി വസ്തുവകകൾ ഉണ്ടാകും; ഇതിൽ ശമ്പളത്തോടെ ജോലി ചെയ്യുന്ന അനേകം ജോലിക്കാരു ണ്ടാകും. ദൈവം തിരുമനസ്സായാൽ ഇതൊന്നും ബുദ്ധിമുട്ടുള്ള കാര്യ മല്ലാ എന്ന് അനുഭവത്തിൽനിന്നും പഠിച്ചിരിക്കുന്നു. കൂനമ്മാവിൽ ഒരു പനമ്പുമഠമുണ്ടാക്കി നാലു സ്ത്രീകളെ അതിൽ താമസിപ്പിച്ചു. വർഷം തികഞ്ഞ് ഓല മാറ്റി മേയുന്നതിനു മുമ്പേ ഓടിട്ട മഠത്തിൽ ദൈവം അവരെ പാർപ്പിച്ചതിനെ ഞാൻ കണ്ടിരിക്കുന്നു. (കത്തു കൾ 238,239).

ചാവറപിതാവിന്റെ വചനങ്ങൾ കേട്ടു കൈനകരി ജനങ്ങൾ നാണമില്ലാത്തവരായി മാറി അവർ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങ ളെല്ലാം സ്വീകരിച്ചു പ്രവർത്തിച്ചു. 1869ൽ തന്നെ കൈനകരി കുരിശു പള്ളിയുടെ (ഇന്ന് ഇടവക പള്ളി) സമീപത്ത് നാലേക്കറോളം സ്ഥലം വാങ്ങി. ഉപവിശാല ആരംഭിച്ചു. 150 വർഷം പിന്നിടുന്ന ഈ സ്ഥാപനം ആദ്യം കൈനകരി പള്ളിയുടെയും പിന്നീട് സി.എം. ഐ. അച്ചന്മാരുടെയും ഇപ്പോൾ സി.എം.സി. സഹോദരികളുടെ നേതൃത്വത്തിലും നടത്തി വരുന്നു.

ജനപങ്കാളിത്തത്തോടെ, ജനങ്ങളുടെ നേതൃത്വത്തിൽ ഇത്ത രമൊരു സന്നദ്ധസംഘടനയും സ്ഥാപനവും ഉണ്ടായി. ഇത് ഇൻഡ്യ യുടെ ചരിത്രത്തിൽ തന്നെ, പ്രത്യേകിച്ചും ഭാരത സഭയുടെ ചരിത്ര ത്തിൽ ആശുപത്രികളുടെയും അനാഥാലയങ്ങളുടെയും ആതുരാ ലയങ്ങളുടെയും നിരയിൽ ഒന്നാമത്തെതായി വിളങ്ങി പ്രശോഭി ക്കുന്നു. ആതുരശുശ്രൂഷാരംഗത്തെ നവോത്ഥാനനായകനായി ചാവ റപിതാവും നിലകൊള്ളുന്നു.